പുതിയ അറബിക്കഥ

# അമ്മാറും മരുഭൂമിയിലെ രാക്ഷസനും



**മസ്ഊദ് അബ്ദുൽ ഹാദി ***
**വിവ: വി.എ കബീർ**

**ശഹർസാദ്** ഭർത്താവിനോട് പറഞ്ഞു: "ഇന്നേവരെ ഭവാന്റെ ശിരസ്സ് യഥാസ്ഥാനത്ത് നിലനിർത്തുന്നതിൽ അങ്ങ് വിജയിച്ചു. സത്യമായും ഞാനൊന്ന് ചോദിച്ചോട്ടെ. ഇനി എത്രകാലം വരെ ഞാൻ അങ്ങയെ പൊറുപ്പിക്കേണ്ടിവരും?"

നിരാശ സ്ഫുരിക്കുന്ന സ്വരത്തിൽ ശഹ്റിയാർ ഉത്തരമോതി: "എന്റെ മാനസറാണീ! ഹൃദയരമണീ! ചാരത്തുള്ളവരെയും ദൂരത്തുള്ളവരെയുമെല്ലാം ഉൾക്കൊള്ളാൻമാത്രം വിശാലമാണ് ഭവതിയുടെ നീതി. എന്നെമാത്രം മറക്കുകയാണോ?"

സുന്ദരിയായ ശഹർസാദിന്റെ ചുണ്ടുകൾ വലിഞ്ഞു: "ഈ വിടുവായത്തമൊക്കെ കളയുക. നീ കഥ പറഞ്ഞു തുലക്കുക."

ശഹ്റിയാർ ദീർഘനിശ്വാസം ചെയ്തു. മൂർച്ചയേറിയ തേറ്റകളും വന്യഭാവവുമുള്ള ദാസി മർജാനയുടെ നേരെ സമാനതയില്ലാത്ത ഭയപ്പാടോടെ നോക്കിക്കൊണ്ട് ശഹ്റിയാർ ശഹർസാദിനോട്: എന്റെ ജീവനും മനസ്സും കൈയടക്കിയ പ്രിയപ്പെട്ടവളേ! ഒരു ദിവസം ജസീറത്തുൽ അറബിലെ അമ്മാർ എന്നു പേരുള്ള ഒരു വ്യാപാരി യാത്രതിരിച്ചു. വിജന ഭൂമികളും മരുക്കാടുകളും താണ്ടി അയാൾ നടന്നു. യാത്ര പതിവാക്കിയ അയാൾക്ക് അപകടങ്ങൾ ഒരു പുതുമയായിരുന്നില്ല. കുഞ്ഞുനാൾ മുതലേ കരയിലും കടലിലും ഒരുപോലെ യാത്ര ചെയ്ത് ശീലിച്ച ആളായിരുന്നു അയാൾ.

ആവേശത്തോടെ ത്വരിതഗതിയിൽ ചുവടുവെച്ച് ജസീറയുടെ കിഴക്ക് മുറിച്ചു കടന്ന് അമ്മാർ പടിഞ്ഞാറോട്ട് യാത്രയായി. ശരിക്ക് പറഞ്ഞാൽ അബ്റാർ എന്ന് വിളിക്കപ്പെടുന്ന ഗ്രാമത്തിലേക്ക്. പാതിവഴി താണ്ടിയപ്പോൾ അയാൾ ക്ഷീണിതനായി. സഞ്ചാരം നിർത്തി മനോഹരമായൊരു മരുപ്പച്ചയിൽ വിശ്രമിച്ചു. ഭൂമി അയാൾക്ക് വിരിപ്പൊരുക്കി; ആകാശം പുതപ്പായി. മലർന്നുകിടന്ന് അയാൾ രാത്രി നക്ഷത്രങ്ങളെ എണ്ണിത്തുടങ്ങി.

ഉറങ്ങുന്നതിനു മുമ്പ് അയാളൊരു നീണ്ട തടികഷ്ണമെടുത്തു. മണ്ണിലത് ശക്തമായി അടിച്ചിറക്കി. പകലത്തെ ചൂടും രാത്രിയിലെ തണുപ്പും അനുഭവിക്കാൻ തന്നെ തനിയെ വിട്ടകലാതിരിക്കാൻ ഒട്ടകത്തെ തടിയിൽ ബന്ധിച്ചു. പിന്നെ സ്വപ്നലോകത്ത് വിഹരിക്കാനായി തല്പത്തിൽ തലചായ്ച്ചു നിദ്ര പ്രാപിച്ചു. സ്വർഗീയാരാമത്തിൽ മാലാഖമാരും ഭ്രാതൃജനങ്ങളും തന്നെ പൊതിയുന്നതായി അയാൾക്കനുഭവപ്പെട്ടു. ഹൂറിമാർ വാത്സല്യത്തോടെ തന്നെ പരിചരിക്കുന്നു. പെട്ടെന്നാണെല്ലാം അവസാനിച്ച് ഇരുട്ട് ഇറങ്ങിവന്നത്. എല്ലാം മൂടിക്കൊണ്ട് ശക്തമായ മണൽക്കാറ്റടിക്കുന്നതായി അയാൾക്കനുഭവപ്പെട്ടു. വെപ്രാളത്തോടെ ഞെട്ടിയുണർന്ന് രണ്ടുകാലിൽ അയാൾ എഴുന്നേറ്റു നിന്നു. കോപാക്രാന്തമായൊരു ശബ്ദം അമ്മാറിന്റെ കാതുകളെ പ്രകമ്പനം കൊള്ളിച്ചു: "ശപിക്കപ്പെട്ടവനേ, നീ എന്റെ കുഞ്ഞിനെ കൊന്നല്ലോ." പേടിച്ചുവിറച്ച് അമ്മാർ ചോദിച്ചു: "ആരാണവിടെ?"

അശരീരിയുടെ മറുപടി വന്നു: "എടാ കരുണയില്ലാത്ത മനുഷ്യാ, മരുഭൂമിയുടെ രാജനാണ് ഞാൻ. നിന്നെ കഷ്ണം കഷ്ണമാക്കി മാംസം വന്യജന്തുക്കൾക്ക് എറിഞ്ഞു കൊടുക്കാൻ പോവുകയാണ്."

അമ്മാർ തിരിഞ്ഞുനോക്കിയപ്പോൾ ആകാശം മുട്ടുന്ന ഭീമാകാരനായ ഒരു രാക്ഷസൻ മരുഭൂമിയുടെ കാഴ്ചപ്പുറം മറഞ്ഞുനിൽക്കുന്നു. സംഗതി തമാശയല്ല, ഗുരുതരമാണെന്ന് അയാൾക്ക് ബോധ്യമായി. യഥോചിതം കൈകാര്യം ചെയ്തില്ലെങ്കിൽ നാശം തീർച്ച. വേവലാതിയോടെ അമ്മാർ ചോദിച്ചു: മരുഭൂമിയുടെ രാജാ, ഞാനൊരു കുറ്റവും ചെയ്തിട്ടില്ലല്ലോ. ഞാൻ എന്ത് ചെയ്തുവെന്നാണ് പറയുന്നത്?"

"എന്റെ മകൻ മണലിൽ കിടന്നുറങ്ങുന്നുണ്ടായിരുന്നു. നീചാ, അവന്റെ മൂർധാവിലാണ് നീ കുറ്റിയടിച്ചിറക്കിയത്. ഉടനെ അവൻ ജീവൻ വെടിയുകയും ചെയ്തു. എന്റെ ഏകജാതനായ പുത്രൻ നഷ്ടപ്പെട്ടാൽ എന്താണ് സംഭവിക്കുകയെന്ന് നീയുണ്ടോ വല്ലതുമറിയുന്നു? എന്റെ രാജ്യം അനന്തരമെടുക്കാൻ പിന്നെ ആരുണ്ടെനിക്ക്?"

"പ്രഭോ! ഒന്നും ഉദ്ദേശ്യപൂർവം ചെയ്തതല്ലല്ലോ. അങ്ങയുടെ പുത്രൻ ഇവിടെ ഉണ്ടെന്നറിഞ്ഞിരുന്നെങ്കിൽ ഞാൻ കുറ്റിയടിക്കുമോ? എല്ലാം വിധിയെന്ന് കൂട്ടിക്കോളൂ."

"നിന്നെ ഞാൻ കൊല്ലണമെന്നതും വിധി തന്നെയെന്ന് കൂട്ടിക്കോളൂ. അവന്റെ ജീവിതത്തിനു പകരം നിന്റെ ജീവിതം. നേരം പുലരുന്നതോടെ നീ ജീവിതത്തോട് വിടപറയും. നിന്റെ മുമ്പിൽ ഇനി ഒരു മണിക്കൂർ ബാക്കിയുണ്ട്."

അമ്മാർ നിലംപൊത്തി. വേദന അയാളെ കരണ്ടുകൊണ്ടിരുന്നു. ഭയം അയാളെ നിശ്ചലനാക്കി. പേടി അയാളുടെ മുഖത്ത് ചിത്രം വരച്ചു. രാക്ഷസനാകട്ടെ തന്റെ ഏകജാതനെ ഓർത്ത് അവന്റെ നാശത്തിനിടയാക്കിയവനെതിരെ ശാപ പ്രാർഥനകളുരുവിട്ട് വിലപിച്ചുകൊണ്ടിരുന്നു. രണ്ട് പേരും നേരം പുലരുന്നതും കാത്തിരുന്നു.

അങ്ങനെയിരിക്കെ വഴിതെറ്റിയ മൂന്ന് സഞ്ചാരികൾ കൂടി അവിടെ എത്തിച്ചേർന്നു. രാക്ഷസൻ വിലപിക്കുന്നതും അമ്മാർ സഹായാർഥനകൾ നടത്തിക്കൊണ്ടിരിക്കുന്നതും കണ്ട് അത്ഭുതപരതന്ത്രരായ അവർ കാര്യം അന്വേഷിച്ചു. ദുരന്തം മനസ്സിലായപ്പോൾ മൂവരും ഏക സ്വരത്തിൽ പറഞ്ഞു: ഇയാൾ മനഃപൂർവം ഒന്നും പ്രവർത്തിച്ചിട്ടില്ലല്ലോ. ഈ പാവത്തിനെ വെറുതെ വിടുക."

"എന്റെ ദുഃഖം നിങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ ഇങ്ങനെയൊരു ആവശ്യം നിങ്ങൾ ഉന്നയിക്കുമായിരുന്നില്ല" - കോപിഷ്ഠനായ രാക്ഷസൻ പറഞ്ഞു.

* ഖത്തരി എഴുത്തുകാരൻ

മൂവരിൽ നിദാൽ എന്ന് പേരായവൻ പറഞ്ഞു: "നിന്റെ ദുഃഖത്തേക്കാൾ കടുത്തതാണ് എന്റെ ദുഃഖം. അമ്പതാണ്ടുകളായി അതും പേറി ഞാൻ നടക്കുന്നു. ശത്രുവും മിത്രവുമൊക്കെ ഈ വിഷയത്തിൽ ഞങ്ങൾക്കെതിരെ ഉപജാപം നടത്തി. എന്റെ കഥ നിന്റേതിനേക്കാൾ ദുരിതപൂർവും വേദനാനിർഭരവുമാണെങ്കിൽ ഇവനെ എനിക്കു വേണ്ടി നീ വെറുതെ വിടുമോ?"

"ഇല്ല. എന്റെ ക്രോധം ഭയങ്കരമാണ്. ദുഃഖം നെരിപ്പോടുപോലെ എന്റെ ഉള്ളം നീറ്റുകയാണ്. എങ്കിലും ഞങ്ങളുടെ നീതി ഞാൻ നടപ്പിലാക്കാം. നേരം പുലരും മുമ്പ് നീ എത്തിയ സ്ഥിതിക്ക്, നിന്റെ ദുരിതം എന്റെ ദുരിതത്തേക്കാൾ വലുതാണെങ്കിൽ ഇവന്റെ രക്തത്തിൽ മൂന്നിലൊന്ന് നിന്നെപ്രതി ഒഴിവാക്കിക്കൊടുക്കാം. എന്നാൽ നീ പറയുന്നത് കള്ളമാണെങ്കിൽ നിങ്ങളെ മുഴുവൻ ഞാൻ കൊല്ലുന്നതാണ്" – രാക്ഷസൻ പറഞ്ഞു.

സന്തോഷത്താൽ നിദാലിന്റെ കണ്ണുകൾ തിളങ്ങി. സുഹൃത്തുക്കൾ മധുരമായ പുഞ്ചിരി കൈമാറി. അമ്മാറിന് ഉത്സാഹം പകർന്നുകൊണ്ട് നിദാൽ അയാളുടെ കൈപിടിച്ചമർത്തി. ഈ പ്രപഞ്ചത്തിൽ തന്റേതിന് തുല്യമായ മറ്റൊരു ദുരിതവുമില്ലെന്ന കാര്യത്തിൽ അയാൾക്ക് തികഞ്ഞ ആത്മവിശ്വാസമുണ്ടായിരുന്നു. അങ്ങനെ സ്വയം പരിചയപ്പെടുത്തിക്കൊണ്ട് അയാൾ തന്റെ കഥ ആരംഭിച്ചു: ഞാനൊരു ഫലസ്തീനീ അഭയാർഥിയാണ്. കാലങ്ങളായി എനിക്ക് നാടില്ല. ഈ രണ്ടു കഷ്ടതകളിൽ ഞാൻ ഞെരുങ്ങുകയാണ്. അമ്പതാണ്ടുകളായി എന്നെ ഗ്രസിച്ച എല്ലാ വ്യഥകളോടെയും വേദനകളോടെയും എന്റെ ദുരന്തകഥ ഞാൻ വിവരിക്കാം.

നിദാൽ നാലു നിമിഷങ്ങളോളം ദീർഘശ്വാസം ചെയ്തു. നാലു നിമിഷം ശുദ്ധവായു അകത്ത് സംഭരിച്ചു. നാലു നിമിഷമെടുത്ത് ഉച്ഛ്വാസം ചെയ്തു. മനുഷ്യോർജ ശാസ്ത്രജ്ഞന്മാരും ഭിഷഗ്വരന്മാരും പറയാറുള്ളതുപോലെ അവശമായ തന്റെ ശ്വാസകോശത്തിൽ കഴിയുന്നത്ര ഓക്സിജൻ എത്തിയെന്ന് ഉറപ്പുവരുത്താൻ! പിന്നെ തന്റെ ദാരുണ കഥയുടെ കെട്ടഴിച്ചു: 50 വർഷങ്ങൾക്കു മുമ്പ് ഞങ്ങൾക്ക് നാടു നഷ്ടപ്പെട്ടു. എന്റെ ബാപ്പ അഭയാർഥി ക്യാമ്പിലെ അഭയാർഥിയായി. യാഫയിലെ അദ്ദേഹത്തിന്റെ വസതി ഒരു അമേരിക്കൻ പ്രവാസി കൈയടക്കി. വയൽ ഒരു റഷ്യൻ ജൂതൻ അധീനപ്പെടുത്തി. എങ്കിലും അദ്ദേഹം ഫലസ്തീൻ വിട്ടില്ല. വീടിന്റെ താക്കോൽ സദാ നെഞ്ചിൽ കെട്ടിത്തൂക്കി അദ്ദേഹം നടന്നു. സമീപനാളിൽ എന്നെങ്കിലുമൊരിക്കൽ വീട്ടിൽ തിരിച്ചെത്താമെന്ന പ്രതീക്ഷയിലായിരുന്നു അദ്ദേഹം. ബാപ്പ പറയുമായിരുന്നു: "ഞാൻ ജനിച്ചത് ഫലസ്തീനിലാണ്. അവിടെ തന്നെ ജീവിക്കും. എന്റെ ഖബ്റിടവും അവിടെ തന്നെ."

പക്ഷേ, ആയുസ്സിന് അതിന്റേതായ വിധിനിയമങ്ങളുണ്ടല്ലോ. ബാപ്പക്ക് 80 വയസ്സായി. രോഗങ്ങൾ അദ്ദേഹത്തെ കാർന്നുതിന്നു. രക്ത സമ്മർദം, പ്രമേഹം അങ്ങനെ പല രോഗങ്ങളും.... അദ്ദേഹത്തെ ഈജിപ്തിലേക്ക് കൊണ്ടുപോകാൻ ഞങ്ങൾ തീരുമാനിച്ചു. ദിവസങ്ങൾ നീളുന്ന ചികിത്സാ യാത്ര. ഇവിടെനിന്ന് തുടങ്ങുന്നു എന്റെ ദുരന്തകഥ.

രാക്ഷസപ്രഭോ! ഒരു വെള്ളിയാഴ്ച പ്രഭാതത്തിൽ ഞങ്ങൾ ഫലസ്തീനിലെ അതിർത്തി പ്രദേശമായ റഫാഹ് ട്രാൻസിറ്റിലെത്തി. ഞാനും രോഗിയും വൃദ്ധനുമായ എന്റെ പിതാവും. നിങ്ങൾക്ക് സങ്കൽപിക്കാൻ കഴിയുന്ന വാർധക്യത്തിലെ എല്ലാ രോഗങ്ങളും അദ്ദേഹത്തെ ഗ്രസിച്ചിരുന്നു. അതിർത്തിയിലെത്തിയപ്പോൾ ഭയാനകമായിരുന്നു ഞങ്ങൾ കണ്ട കാഴ്ച! അതിർത്തി മുറിച്ചുകടക്കാൻ നൂറുകണക്കിൽ ഫലസ്തീനികൾ കാത്ത് കെട്ടിക്കിടക്കുന്നു. ചിലർ ഒരാഴ്ചയായി അവിടെ എത്തിയിട്ട്. ചിലർ അതിലുമേറെ. ചൂടു സഹിച്ച് കഴിയുകയാണവർ. അത്യന്തം ദുരിതപൂർണമായ ജീവിതസാഹചര്യം.

ബാപ്പ വയസ്സായ ഒരു ശൈഖിന്റെ നേരെ തിരിഞ്ഞ് സന്തോഷത്താൽ ചിരിച്ചുകൊണ്ട് പറഞ്ഞു: "ഹാജ് ഹസ്സാൻ, എത്രകാലമായി നമ്മൾ തമ്മിൽ കണ്ടിട്ട്!"

ഹാജ് ഹസ്സാൻ തിരിച്ച് സ്വാഗതമോതികൊണ്ട് പ്രയാസപ്പെട്ടെഴുന്നേറ്റ് പറഞ്ഞു: "ഈ തെമ്മാടികൾ നമ്മൾ തമ്മിലുള്ള സമ്പർക്കം ബുദ്ധിമുട്ടാക്കി. എന്നാൽ വിധി ഒരാഴ്ച എന്നെ ഇവിടെ തടവിലാക്കിയത് അങ്ങയെ കാണാനാണെന്നു തോന്നുന്നു. നമ്മൾ ഇപ്പോൾ അനുഭവിക്കുന്നതിൽ ഒരേയൊരു ഗുണപരമായ ബിന്ദു ഇതാണെന്ന് തോന്നുന്നു."

"ഒരാഴ്ചയോ, ഹാജ്?" ഇതു കേട്ട പാടെ ഞെട്ടലോടെ ഞാൻ നിലവിളിച്ചുപോയി.

ഹാജ് ഹസ്സാൻ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: "ഈജിപ്ഷ്യൻ അതിർത്തിയിലേക്ക് കടക്കണമെങ്കിൽ ഇനിയും രണ്ട് നാൾ കൂടി കാത്തിരിക്കേണ്ടതുണ്ട്." ഇതു കൂടി കേട്ടപ്പോൾ ബാപ്പ കുഴഞ്ഞു വീണു. അദ്ദേഹത്തിന്റെ രക്തസമ്മർദം കൂടി. ഞാനും ഹാജ് ഹസ്സാനും ബാപ്പയെ നിലത്ത് താങ്ങി ഇരുത്തി. ഹസ്സാൻ കഥ തുടർന്നു: "എന്റെ താമസം റഫാഹിലായത് ഭാഗ്യം. ദിവസവും നേരം പുലരുമ്പോൾ ഞാൻ അതിർത്തിയിലെത്തുന്നു. അതിർത്തി കടക്കാമെന്ന പ്രതീക്ഷയിൽ ഉച്ചവരെ കാത്തിരിക്കും. കിം ഫലം! ഇങ്ങനെ ഒരാഴ്ചയങ്ങ് കടന്നുപോയി. എന്റെ കൈയിൽ മെഡിക്കൽ റിപ്പോർട്ടുണ്ടെന്ന് ഓർക്കണം. ഈജിപ്തിലെത്തിയിട്ടു വേണം എനിക്ക് ഓപറേഷൻ കഴിക്കാൻ!"

സംഭ്രമത്താൽ ബാപ്പ ഇപ്പോൾ മരിച്ചുവീഴുമെന്ന് തോന്നി. ഹാജ് ഹസ്സാനോടു കഥ നിർത്താൻ പറഞ്ഞാലോ എന്ന് ഞാൻ ആലോചിച്ചു. അദ്ദേഹത്തിന്റെ ഒടിഞ്ഞ മുതുകും വെളുത്ത താടിയും എഴുപത് കഴിഞ്ഞ പ്രായവുമൊക്കെ പരിഗണിച്ചപ്പോൾ വിഷമം തോന്നിയ ഞാൻ മനമില്ലാ മനസ്സോടെ നിശ്ശബ്ദനായി. ഞാൻ ഏറ്റവുമിഷ്ടപ്പെടുന്ന ഫലസ്തീനീ സംസാര ശൈലിയിൽ കഥ തുടരാൻ പൂർണമായും രംഗം ഒഴിച്ചുകൊടുത്തു. "കൂട്ടുകാരാ, എന്റെ കുട്ടികൾക്ക് ഞാനിന്ന് പരിഹാസ പാത്രമായിരിക്കുകയാണ്. എല്ലാ ദിവസവും സ്വുബ്ഹ് ബാങ്ക് ഉയരുന്നതോടെ ഞാൻ പുറപ്പെടുന്നു. പകലൊടുങ്ങുമ്പോൾ തിരിച്ചുവരികയും ചെയ്യുന്നു."

ബാപ്പയുടെ കൈയും പിടിച്ച് ഫലസ്തീൻ പാസ്പോർട്ട് ഉദ്യോഗസ്ഥന്റെ ഭാഗത്തേക്ക് തിരിക്കുന്നതാണ് ഏറ്റവും നല്ല പരിഹാരമെന്ന് ഞാൻ കണ്ടു. ഞങ്ങളുടെ പേപ്പറുകൾ അയാൾക്ക് കൊടുക്കാം. അയാളത് ഇസ്രയേലീ വിഭാഗത്തിലേക്ക് കൊടുത്തോട്ടെ. ഇല്ലെങ്കിൽ അതിർത്തി കടക്കാൻ ഹാജ് ഹസ്സാനെ പോലെ ദിവസങ്ങളും ആഴ്ചകളും കാത്ത് കെട്ടിക്കിടക്കേണ്ട ഗതിവരും.

ഞങ്ങൾ കാത്തിരിക്കെ കോപാകുലമായ ഒരു ശബ്ദം കേട്ടു: "എന്റെ യൂനിവേഴ്സിറ്റിയിൽ എത്തിച്ചേരാനാണ് ഞാൻ വന്നിരിക്കുന്നത് കൂട്ടരേ! എവിടെ മനുഷ്യാവകാശങ്ങൾ. പത്ത് ദിവസമായി നശൂലം പിടിച്ച ഈ ട്രാൻസിറ്റിൽ ഞാൻ കാത്തു കിടക്കുന്നു."

വ്യാകുലമായ ശബ്ദത്തിൽ ഫലസ്തീനീ ഉദ്യോഗസ്ഥർ പറഞ്ഞു: "40 വയസ്സിൽ താഴെയുള്ളവരാണെങ്കിൽ വളരെ കുറച്ചുപേരെ മാത്രമേ ഇസ്രയേൽ അധികൃതർ അതിർത്തി കടത്തിവിടാൻ അനുവദിക്കുന്നുള്ളൂ. 10 ദിവസത്തിലേറെയായി ചെക്ക് പോസ്റ്റ് ചിലപ്പോൾ പൂർണമായും മറ്റ് ചിലപ്പോൾ ഭാഗികമായും അടഞ്ഞുകിടക്കുകയാണ്. ദിവസം രണ്ട് മണിക്കൂർ മാത്രമാണ് തുറക്കുന്നത്." ഫലസ്തീനീ ഉദ്യോഗസ്ഥൻ അൽപം നിശ്ശബ്ദനായി തുടർന്നു: "സംഗതി നമ്മുടെ കൈയിലായിരുന്നെങ്കിൽ, കുട്ടീ നിന്നെയും മറ്റുള്ളവരെയും എപ്പഴേ ഞങ്ങൾ അതിർത്തി കടക്കാൻ അനുവദിച്ചേനെ!"

ഞങ്ങൾ അവിടെ എത്തി രണ്ടുദിവസം കഴിഞ്ഞപ്പോൾ 9 ദിവസത്തെ ദുരി

തപ്പാടുകൾ സഹിച്ച ബാപ്പയുടെ സ്നേഹിതൻ ഹാജ് ഹസ്സാൻ ഈജിപ്തിലേക്ക് തിരിച്ചു. അതൊരു ശുഭലക്ഷണമായി ഞാൻ കരുതി.

ഹാജ് ഹസ്സാന്റേതു പോലെ അതിർത്തിക്ക് സമീപമായിരുന്നില്ല ഞങ്ങളുടെ വീട്. തമ്മിൽ പത്തു പേർ തിങ്ങിത്താമസിക്കുന്ന ഒറ്റമുറിക്കും കുളിമുറിക്കുമാണ് വീടെന്ന് പറയുന്നത്. ഇതോടൊപ്പം ഇസ്രയേലുണ്ടാക്കുന്ന തടസ്സങ്ങൾ വേറെയും. അതിനാൽ വീട്ടിൽപോയി പിറ്റേന്ന് മടങ്ങിവരുന്നതിനേക്കാൾ എത്രയോ ഭേദം ഇവിടെത്തന്നെ തങ്ങുന്നതാണ്.

അങ്ങനെ ചൂടും മനുഷ്യോചിതമല്ലാത്ത സാഹചര്യവും സഹിച്ചുകൊണ്ട് മൂന്ന് കറുത്ത രാവുകൾ ഞങ്ങളവിടെ കഴിച്ചുകൂട്ടി. അതിനിടെ പലതവണ എൺപതുകാരനായ ബാപ്പ മരിച്ചുപോകുമോ എന്ന് ആശങ്കിച്ച ഘട്ടങ്ങളുമുണ്ടായി. ചിലപ്പോൾ ലക്കും ലഗാനുമില്ലാതെ രക്തസമ്മർദം ഉയരും. മറ്റ് ചിലപ്പോൾ പ്രമേഹം കൂടും. ദൈവത്തിനു സ്തുതി. അവൻ കാത്തു. അത്ര തന്നെ.

ബുധനാഴ്ച പുലർന്നപ്പോൾ ഒരു തുറസ്സുണ്ടായി. അഥവാ അങ്ങനെ ഞങ്ങൾക്ക് തോന്നി. ഞങ്ങൾ 22-ാം നമ്പർ ബസ്സിൽ കയറി. വളരെ മന്ദഗതിയിൽ ചെക്ക് പോസ്റ്റിലേക്ക് നീങ്ങി. അവിടെ എത്തി ബസ്സ് നിന്നു. ഇസ്രയേൽ അധികൃതർ സുരക്ഷാ നടപടികൾ ആരംഭിച്ചു. അവസാനിക്കാത്ത നടപടിക്രമങ്ങൾ. അസ്ര് ബാങ്ക് കൊടുത്തപ്പോഴാണ് അതവസാനിച്ചത്. ഫലസ്തീനീ ഡ്രൈവർ ബസ്സ് സ്റ്റാർട്ടാക്കിയതും ഒരു കൂട്ടം ഇസ്രയേലീ പട്ടാളക്കാർ അകത്തേക്കു കയറി. പിന്നെയുമവർ യാത്രക്കാരെ സൂക്ഷ്മ നിരീക്ഷണം തുടങ്ങി. പത്താമത്തെ തവണയാണെന്ന് തോന്നുന്നു ഇത്. പിന്നെ അരോചകമായ ശബ്ദത്തിൽ അവരിലൊരാൾ അട്ടഹസിച്ചു: “നിദാൽ എന്നവൻ എവിടെ?”

ഞാൻ ഇടതും വലതും തിരിഞ്ഞുനോക്കി. ഞാനല്ലാതെ മറ്റേതെങ്കിലും നിദാൽ ഉണ്ടായിരിക്കുമോ? “അബ്ദുർറഹ്മാന്റെ മകൻ നിദാൽ. എവിടെ അവൻ?” അധിനിവേശ ഭടൻ വീണ്ടും ആവർത്തിച്ചപ്പോൾ മാത്രമാണ് അവർ തേടുന്നത് എന്നെയാണെന്ന് എനിക്ക് ഊഹിക്കാൻ കഴിഞ്ഞത്.

അങ്ങനെ ഞാൻ ബസ്സിൽനിന്നിറങ്ങി. അവർ എന്നെ അന്വേഷണ ഉദ്യോഗസ്ഥന്റെ മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഇരുളടഞ്ഞ ഒരു മുറി. നാലു മണിക്കൂർ എന്നെ അവിടെ തടവിലിട്ടു. ആരെയും കാണാൻ എന്നെ അനുവദിച്ചില്ല. തടവിലാക്കാനുള്ള കാരണവും എന്നോട് പറഞ്ഞില്ല. കുടിവെള്ളം പോലും എനിക്ക് തന്നുമില്ല.

അവസാനം തടിമാടനായ ഉക്രേനിയൻ വംശജനായ ഓഫീസർ വന്നു. ഇന്നും എനിക്ക് അജ്ഞാതമായ എന്തോ കാരണത്താൽ എന്റെ നാട്ടിൽ എന്റെ സ്ഥാനത്ത് നിൽക്കാൻ സ്വതന്ത്രലോകം ഈ ഉക്രേനിയനെ അനുവദിച്ചിരിക്കുകയാണ്. അവന്റെ മുന്നിൽ നാട്ടുകാരനായ ഞാൻ നിന്ദിതനായി നിൽക്കുന്നു.

പക്ഷേ, അതൊക്കെ സ്വപ്നം മാത്രമാണ്. എന്തൊക്കെ ചെയ്താലും ഫലസ്തീനി തലയുയർത്തിപ്പിടിച്ചുതന്നെ നിൽക്കും. കല്ലായാലും ലോഹമായാലും കിട്ടുന്ന ആയുധംകൊണ്ട് അവരോട് പൊരുതിക്കൊണ്ടിരിക്കും. അബൂ അമ്മാറും (യാസിർ അറഫാത്ത്) രക്തസാക്ഷികളുടെ ഗുരുഭൂതനായ അഹ്മദ് യാസീനും അന്ത്യശ്വാസം വരെ ചെയ്തപോലെ അവനവന്റെയും മതത്തിന്റെയും പ്രപിതാക്കളുടെയും അഭിമാനവീര്യം കൊണ്ടും അവരെ കടന്നാക്രമിച്ചുകൊണ്ടേയിരിക്കും.

“എവിടേക്കാണ് നീ പോകുന്നത്?” ലേവി എന്ന് പേരുള്ള ഓഫീസർ ചോദിച്ചു. അയാളുടെ പട്ടാള ജാക്കറ്റിൽ കുത്തിയ ബാഡ്ജിൽനിന്നാണ് ആ പേര് ഞാൻ മനസ്സിലാക്കിയത്.

ബാപ്പ ഇപ്പോൾ അത്യന്തം ആശങ്കയിലായിരിക്കും. ഈ സിരാ മർദമൊന്നും സഹിക്കാൻ മാത്രമുള്ള ആരോഗ്യം അദ്ദേഹത്തിനില്ല. ആശങ്കയോടെ ഞാൻ പറഞ്ഞു: “ഈജിപ്തിലേക്കാണ് ഞങ്ങൾ പോകുന്നത്. ഞങ്ങളുടേത് ചികിത്സാ യാത്ര മാത്രമാണ്.”

“നിനക്ക് ഹിസ്ബുല്ലയുമായി ബന്ധമുണ്ടെന്ന് ഞങ്ങൾക്ക് വിവരമുണ്ട്.”

“അത് ശരിയല്ല. എന്റെയും കുടുംബത്തിന്റെയും ഉപജീവനം തേടി കഴിയുന്ന ഒരു സാധു മാത്രമാണ് ഞാൻ.”

“കള്ളം”

“ഞാൻ പറഞ്ഞതിൽ ഒരു നുണയുമില്ലെന്ന് സത്യം ചെയ്യാം.”

അയാളുടെ പക്കൽ തെളിവൊന്നുമില്ലെന്ന് തീർച്ചയാണ്. വെറുതെയൊന്ന് വിരട്ടിനോക്കിയതാവും. ചെറുത്തുനിൽപ് സംഘത്തിനെതിരെ എന്തെങ്കിലും വിവരം കിട്ടുകയാണെങ്കിൽ, എത്ര നിസ്സാരമാണെങ്കിലും അത് ഉപയോഗപ്പെടുത്താമല്ലോ. പിന്നെ ഇത്തരം ചോദ്യം ചെയ്യലുകളൊക്കെ ഞങ്ങളെ അപമാനിക്കാനുള്ള ഓരോ ഏർപ്പാടുകളുമാണ്. പക്ഷേ, അതുകൊണ്ടൊന്നും ഞങ്ങളങ്ങ് ഇല്ലാതായിപ്പോവുകയില്ല. രണ്ടു മണിക്കൂർ ചോദ്യം ചെയ്ത ശേഷം എന്നെ വിട്ടയച്ചു. വ്യാഴാഴ്ച അതിർത്തി കടക്കാൻ അനുമതിയും തന്നു.

അപ്പുറം ഈജിപ്ഷ്യൻ അതിർത്തിയിൽ ബാപ്പ കാത്തിരിക്കുന്നുണ്ടായിരുന്നു. ആശങ്കയും ഉൽക്കണ്ഠയും മൂലം അദ്ദേഹത്തിന്റെ ആരോഗ്യം കൂടുതൽ മോശമായി വരികയായിരുന്നു. ഈജിപ്ഷ്യൻ ചെക്ക്പോസ്റ്റിലും ഏതാനും മണിക്കൂറുകൾ കഷ്ടപ്പെട്ടു. പിന്നെ ചികിത്സാ യാത്ര ആരംഭിച്ചു. അപ്പോഴും മടക്കയാത്രയെക്കുറിച്ചുള്ള വേവലാതിയായിരുന്നു മനസ്സിൽ. സത്യത്തിൽ അത് മറ്റൊരു ദുരന്തമായിരുന്നു.

കഥ തുടരുന്നതിനിടയിൽ നിദാൽ അൽപമൊന്ന് നിർത്തി. കൂട്ടുകാരിലൊരാൾ അവന് കുടിക്കാൻ വെള്ളം കൊടുത്തു. ദാഹംതീർത്ത് നെടുവീർപ്പിട്ടപ്പോൾ രാക്ഷസൻ ധൃതികൂട്ടി: “വേഗം കഥ പൂർത്തിയാക്കൂ. ഇല്ലെങ്കിൽ നിങ്ങളുടെ കൂട്ടുകാരനെ ഇപ്പോൾ ഞാൻ കൊല്ലും.”

നിദാൽ കഥ തുടർന്നു: ഒരാഴ്ച നീണ്ടുനിന്ന തുടർച്ചയായ ചികിത്സക്കു ശേഷം ഞങ്ങൾ ഈജിപ്ഷ്യൻ ചെക്ക് പോസ്റ്റിലേക്ക് തിരിച്ചു. അവിടെ ആയിരത്തിൽ കുറയാത്ത ജനം അതിർത്തി കടക്കാൻ കാത്തുനിൽക്കുന്നതാണ് ഞങ്ങൾ കണ്ടത്. മുന്നൂറിലധികം പേർക്ക് നിന്ന് തിരിയാനിടമില്ലാത്ത ചെറിയൊരു ഹാളിലാണ് ഈ ജനക്കൂട്ടമത്രയും. ഒരാഴ്ച മുഴുക്കെ ചെക്ക് പോസ്റ്റ് അടഞ്ഞു കിടന്നതാണ് ഈ തിരക്കിന് കാരണം. ഇപ്പോൾ ഭാഗികമായി തുറന്നിരിക്കുകയാണ്. ദിവസം ഒരു ബസ്സ് വീതമേ കടത്തിവിടുന്നുള്ളൂ. കത്തിക്കാളുന്ന വെയിലും പൊടിക്കാറ്റും സഹിച്ച് നീണ്ട ക്യൂ. സൗകര്യങ്ങളുടെ സ്ഥിതി അതിനേക്കാൾ പരിതാപകരം. എന്തുകൊണ്ടിങ്ങനെ എന്ന് എനിക്ക് ഒരു പിടിയും കിട്ടുന്നില്ല. തുടർച്ചയായി ചെക്ക് പോസ്റ്റ് അടച്ചിടുന്ന സയണിസ്റ്റുകളുടെ കുത്സിതങ്ങൾ അറിയാത്തവരല്ല ഈജിപ്തിലെ സഹോദരങ്ങൾ. എന്നിട്ടും അൽപം തണലേകുന്ന ഒരു വിശ്രമസ്ഥലമെങ്കിലും ഞങ്ങൾക്കൊരുക്കാനും മനുഷ്യരാണെന്ന പരിഗണനയിൽ അത്യാവശ്യ കൃത്യങ്ങൾ നിർവഹിക്കാൻ സൗകര്യമൊരുക്കാനും എന്തുകൊണ്ടാണവർ ഞങ്ങളോട് കരുണ കാണിക്കാത്തത്. ഉറങ്ങാനിടമില്ലെന്നതോ പോകട്ടെ, മലമൂത്ര വിസർജനത്തിനുപോലും സൗകര്യമില്ല. മരുഭൂമിയിൽ അലഞ്ഞ് ഓരോരുത്തരും അവനവന്റെ ഉത്തരവാദിത്വത്തിൽ വേണം അതൊക്കെ നിർവഹിക്കാൻ. ഭക്ഷണമോ ശുദ്ധജലമോ ലഭ്യമല്ല. ഒരു യാത്രക്കാരൻ അറബി ഉദ്യോഗസ്ഥനെ ഈ യാഥാർഥ്യം ബോധ്യപ്പെടുത്താൻ ശ്രമിച്ചപ്പോൾ അയാൾ ഒച്ചയെടുത്തു: “ഇതൊന്നും എന്നോട് പറയേണ്ട കാര്യമല്ല.”

“പിന്നെ ആരോടാണ് പറയേണ്ടത്? ഫലസ്തീനികളോട് ദയവുണ്ടായി അതിർത്തി പാസ്സേജുകൾ നന്നാക്കുന്നതിന് അമേരിക്കയുടെ ഉത്തരവ് കാത്തിരിക്കുകയാണോ ഞങ്ങൾ ചെയ്യേണ്ടത്?” ഏതായാലും കാര്യങ്ങൾ ഞങ്ങൾ അല്ലാഹുവിൽ ഭര

മേൽപിച്ചു. അധിനിവേശക്കാരന്റെ കുതന്ത്രങ്ങളിൽനിന്നും സഹോദരങ്ങളുടെ അവഗണനയിൽനിന്നും അവനോടല്ലാതെ മറ്റാരോടു ഞങ്ങൾ പരാതി പറയും! ബാപ്പയുടെ കാര്യം മറ്റുള്ളവരെ അപേക്ഷിച്ച് താരതമ്യേന ഭേദമാണെന്ന് തോന്നി. അദ്ദേഹത്തെ ആംബുലൻസിൽ കയറ്റണമെന്ന് ഞാൻ നിർബന്ധം പിടിച്ചു. ഇനിയും നീണ്ടൊരു കാത്തിരിപ്പ് താങ്ങാൻ ശേഷിയില്ലാത്തത്ര അവശനായിരുന്നു അദ്ദേഹം.

രാവിലെ 8 മണിയായതോടെ ഒരുവിധം വേഗത്തിൽ ഈജിപ്ഷ്യൻ സഹോദരങ്ങൾ നടപടിക്രമങ്ങൾ പൂർത്തിയാക്കി. ചെക്ക് പോസ്റ്റിനടുത്തെത്തിയ ഞങ്ങൾ ഗസ്സയിൽ ചികിത്സ തുടരാൻ ഫലസ്ത്വീനീ ആംബുലൻസ് അതിർത്തി കടത്തിവിടാൻ ജൂതന്മാരുടെ അനുമതിക്കായി കാത്തിരുന്നു. ഞങ്ങൾക്ക് മുമ്പ് മറ്റൊരു രോഗി അവിടെ എത്തിയതായും സാധാരണ ബസ്സിൽ നിർബന്ധിച്ച് അവർ കയറ്റിവിട്ടതിന്റെ ഫലമായി അയാളുടെ ആരോഗ്യസ്ഥിതി ഏറെ വഷളായതായും അവിടെ വെച്ച് ഞങ്ങൾ അറിയാനിടയായി. നേരം രണ്ട് മണിയായി...... വൈകീട്ട് നാലു മണിയായി........ എന്നിട്ടും ഞങ്ങളെ അവർ കടത്തിവിടുന്ന ലക്ഷണമൊന്നുമില്ല.

"ബാപ്പാ, ഇപ്പോൾ നമുക്ക് പോകാനാകും. ധൈര്യമായിരിക്കൂ" – ഞാൻ പറഞ്ഞു.

"മോനേ! ഉമ്മാക്കും നിന്റെ സഹോദരങ്ങൾക്കും എന്റെ സലാം പറയുക. ഞാനിനി എന്റെ നാഥന്റെ അടുത്തേക്ക് പോവുകയാണ്."

''അങ്ങനെയൊന്നും പറയരുത് ബാപ്പാ. അല്ലാഹു അങ്ങയ്ക്ക് നല്ല ആരോഗ്യവും സുഖവും കനിഞ്ഞേകും."

ഹിസ്റ്റീരിയ ബാധിച്ച ഭ്രാന്തനെപ്പോലെ അലറിക്കൊണ്ട് ഞാൻ ആംബുലൻസിൽനിന്ന് ചാടിയിറങ്ങി. ബാപ്പയുടെ നിറം വിളർത്തുതുടങ്ങിയിരുന്നു. ഇനിയും ഒരു മണിക്കൂർ കൂടി ഇവിടെ തങ്ങുകയാണെങ്കിൽ അദ്ദേഹം ഈ ലോകത്തോട് വിടപറയുമെന്ന് എനിക്കുറപ്പായി. ബാപ്പയുടെ അവസ്ഥ കണ്ട ഡ്രൈവർ തനിക്കറിയാവുന്ന ഖുർആൻ സൂക്തങ്ങൾ ഉരുവിടാൻ തുടങ്ങി. എന്നെ കണ്ട ബാപ്പ ഒരു നിമിഷം എന്നെ ശ്രദ്ധിച്ചു. യാഫയിലെ വീട്ടിന്റെ താക്കോൽ എന്നെ ഏൽപിച്ച ശേഷം കണ്ണീർ തുടച്ചുകൊണ്ട് പറഞ്ഞു: "മോനേ, ഇനി എനിക്ക് മടങ്ങാൻ കഴിയുമെന്ന് തോന്നുന്നില്ല. ഒരു പക്ഷേ, നിനക്ക് മടങ്ങാൻ കഴിഞ്ഞേക്കാം. ഫലസ്ത്വീനിലെ ഒരു ചാൺ ഭൂമിയിലല്ലാതെ മറ്റൊരിടത്തും എന്റെ മൃതദേഹം മറമാടരുതെന്നാണ് നിന്നോടുള്ള എന്റെ അവസാനത്തെ ഒസ്യത്ത്!"

ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് (അല്ലാഹു അല്ലാതെ ആരാധ്യനില്ല; മുഹമ്മദ് അവന്റെ ദൂതനാകുന്നു) എന്ന സത്യസാക്ഷ്യവചനം ചൊല്ലി ബാപ്പ കണ്ണടച്ചു. പരിശുദ്ധമായ അദ്ദേഹത്തിന്റെ ആത്മാവ് വിടപറഞ്ഞു. ഞാനൊരു ഭ്രാന്തനെ പോലെ അട്ടഹസിച്ച് കരഞ്ഞു. ബാപ്പയെ ഫലസ്ത്വീനിൽ സംസ്കരിക്കാനായി എന്നെ അതിർത്തി കടത്തിവിടാൻ അപേക്ഷിച്ചു. എന്റെ വിലാപത്തിനു ഒരു മറുപടിയും ലഭിച്ചില്ല. സൈനികരിലൊരുത്തനെ ശകാരിച്ചും തല്ലിയും ഞാൻ കൈയേറ്റം ചെയ്തു. അവരെന്നെ അറസ്റ്റു ചെയ്തു. ജയിലിലെ ഇരുട്ടറയിൽ പീഡനങ്ങളേറ്റുവാങ്ങി മാസങ്ങളോളം ഞാൻ കഴിച്ചുകൂട്ടി. ബാപ്പ ഒസ്യത്ത് ചെയ്ത പോലെ ഫലസ്ത്വീനിൽ അദ്ദേഹത്തെ സംസ്കരിക്കാനായില്ല. പകരം മൃതദേഹം ചീഞ്ഞളിയുന്നത് ഭയന്ന് സഹോദരങ്ങൾ അദ്ദേഹത്തെ അരീശിൽ മറമാടിയതായി പിന്നീട്ഞാൻ അറിഞ്ഞു. മൃതദേഹം ഉടൻ സംസ്കരിക്കുക എന്നതാണല്ലോ അതിനോട് കാണിക്കേണ്ട ആദരവ്. രാക്ഷസ പ്രഭോ! ഇതാണെന്റെ കഥ. നിങ്ങളുടെ ദുരന്തത്തിന് തുല്യം തന്നെയല്ലേ എന്റെ ഈ ദുരന്ത കഥ?

ഏതാനും നിമിഷങ്ങളോളം ഒരു ചുടുകാറ്റ് ആഞ്ഞുവീശി. മരുഭൂമിയിലെ ആ വിദൂര ദിക്കിലുള്ളവരെ മണൽ മൂടുമാറായി. കണ്ണീർ തുടച്ചുകൊണ്ട് രാക്ഷസൻ ശബ്ദിച്ചു: "വല്ലാത്തൊരു ദുരന്തകഥ തന്നെ! അമ്മാറിന്റെ രക്തത്തിന്റെ മൂന്നിലൊന്ന് ഞാൻ നിനക്ക് വിട്ടുതന്നിരിക്കുന്നു നിദാൽ! ബാക്കി മൂന്നിൽ രണ്ടും എന്റെ കൈയിൽ തന്നെയാണുള്ളത്. എന്റെ ഓഹരി ഞാൻ എടുക്കാൻ പോവുകയാണ്."

ഈ സന്ദർഭത്തിൽ നിദാലിന്റെ സുഹൃത്ത് ജിഹാദ് ഇടപെട്ടു: "കരയിക്കുന്ന മറ്റൊരു കഥ പറഞ്ഞാൽ അമ്മാറിന്റെ മൂന്നിലൊന്ന് രക്തം എനിക്ക് വിട്ടുതരുമോ?"

രാക്ഷസൻ കുറേനേരം തലചൊറിഞ്ഞുകൊണ്ടു നിന്നു. എന്നിട്ടു പറഞ്ഞു: "ശരി, മുമ്പ് പറഞ്ഞ അതേ ഉപാധികളോടെ."

(തുടരും)